ഉത്തരം

(എ) ലഭ്യമായ കണക്കുകൾ പ്രകാരം 1045 ഒഴിവുകൾ നികത്താനുണ്ട്.

(ബി) അനുബന്ധമായി ചേർക്കുന്നു.†

(സി) ഇക്കാര്യം പരിഗണനയിലില്ല.

സ്ഥിരപ്പെടുത്തിയ താൽക്കാലിക ജീവനക്കാർ

19. [19] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം താൽക്കാലിക/കോൺട്രാക്ട്/ദിവസക്കൂലിയിനത്തിൽ ജോലി ചെയ്തിരുന്ന എത്ര ജീവനക്കാരെ സ്ഥിരപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) അവ ഏതൊക്കെ സ്ഥാപനങ്ങളിലും തസ്തികയിലുമാണെന്ന് വിശദമാക്കുമോ;

(സി) ഇപ്രകാരം ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനുമുൻപ് പി.എസ്.സി., ധനകാര്യവകുപ്പ് എന്നിവയുടെ അനുവാദം വാങ്ങണമെന്ന നിബന്ധനയുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) സ്ഥിരപ്പെടുത്തിയ കേസ്സുകളിൽ, പി. എസ്. സി. യുടെയും, ധനകാര്യ വകുപ്പിന്റെയും അനുമതി വാങ്ങിയിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ വാങ്ങാതിരുന്നതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ—ഇ) വിവരം ശേഖരിച്ചു വരുന്നു.

സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങളിലെ ഒഴിവുകൾ

20. [20] ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് എത്ര ഒഴിവുകളാണ് പി. എസ്. സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഒഴിവുകൾ പി. എസ്. സി-ക്ക് റിപ്പോർട്ട് ചെയ്യാതെ ദിവക്കൂലിയടിസ്ഥാനത്തിലും കരാർ അടിസ്ഥാനത്തിലും പൊതുമേഖലാ സ്ഥാപനങ്ങളും മറ്റും നിയമനം നടത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇപ്രകാരം നിയമനം നടത്തുന്നവർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

† അനുബന്ധം V

LIBRARY ARCHIVES Kerala Legislative Assembly